പ്പെട്ടതാണ്ട് ഗവണ്മെൻറിലേക്ക് നിവേദനങ്ങൾ സമർപ്പിച്ചിട്ടുള്ള വരുടെ ലിസ്റ്റ് * മേശപ്പുറത്തു വച്ചിരിക്കുന്നു.

(ബി) ഇവരിൽ പിന്നാക്കസമുദായലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളവരുടെ ലിസ്റ്റ് †മേശപ്പുറത്തു വച്ചിട്ടുണ്ട്.

(സി) ഉൾപ്പെടുത്തിയിട്ടുള്ള എല്ലാവിഭാഗക്കാർക്കും മറ്റു പിന്നാക്കസമുദായക്കാർക്കു നൽകിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.

(ഡി) കൂടുതൽ ‡സമുദായക്കാരെ പിന്നാക്കസമുദായലിസ്റ്റിൽ ചേർക്കുമ്പോൾ അതുമൂലമുണ്ടാകാവുന്ന ചെലവു കണക്കാക്കി കൂടുതൽ സംഖ്യ അനുവദിക്കാറുണ്ട്.

Work under Second Five Year Plan.

261. [6] **Shri K. Sattanatha Karayalar**: Will the Chief Minister be pleased to state:

(*a*) the details of the works chosen for the Second Five Year Plan by our State;

(b) the details and amount that is to be spent in the Tamil speaking areas of this State?

Answer.

(*a*) and (b) Government have communicated their decision to the Planning Commission only in respect of Major Irrigation and Power Schemes. ‡ Details of these schemes are enclosed.

Appeals under Sales Tax etc.

262. [7] **Shri N. G. Chacko**: Will the Minister for Revenue be pleased to state:

(*a*) what is the number of appeals under (1) the Sales Tax Act (2) the Agricultural Income Tax Act pending before the various appellate authorities in the State during the financial year 1953-54;

(b) the number of appeals filed during the financial year 1953-54;

(c) the number of appeals disposed of during the financial year 1953-54?

Answer.

(*a*) (1)	Appeals pending under the Sales Tax Act in the beginning of 1953-54 ..	1968
(2)	Appeals pending under the Agricultural Income Tax in the beginning of 1953-54 ..	843

* Please See Appendix XI.

† Please see Appendix XII

‡ Please See Appendix XIII.

LIBRARY ARCHIVES Kerala Legislative Assembly

(b) (1)	Appeals filed under the Sales Tax Act during 1953-54 ..	3895
(2)	Appeals filed under the Agricultural Income Tax Act during 1953-54 ..	1138
(c) (1)	Number of appeals disposed of under Sales Tax Act during 1953-54 ..	3541
(2)	Number of appeals disposed of under Agricultural Income Tax Act during 1953-54 ..	593

ശബരിമലയെപ്പറ്റിയുള്ള അന്വേഷണറിപ്പോർട്ട്

263. [10] ശ്രീ. സ്. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകൃഷി മന്ത്രി ദയവായി മറുപടി പറയുമോ :

(എ) ശബരിമല കേസ്സുസംബന്ധിച്ചുള്ള അന്വേഷണറിപ്പോർട്ട് ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ;

(ബി) റിപ്പോർട്ട് പ്രസിദ്ധീകരിക്കാതിരിക്കാൻ വല്ല കാരണവുമുണ്ടോ ;

(സി) അന്വേഷണറിപ്പോർട്ട് തയാറാക്കാൻ എന്തു ചെലവായിട്ടുണ്ട് ?

ഉത്തരം.

(എ) ഉണ്ട്.

(ബി) റിപ്പോർട്ടിൽ സംഭവത്തിനുള്ള ഉത്തരവാദിത്വം ഇന്നാൾക്കാരനു് വ്യക്തമായി സ്ഥാപിക്കപ്പെടുകയോ തെളിവു മൊന്നും ഇല്ല. അതിനാൽ പൊതു താൽപ്പര്യത്തെ ഉദ്ദേശിച്ചു് റിപ്പോർട്ട് പ്രസിദ്ധീകരിക്കണമെന്നു് ഉദ്ദേശിക്കുന്നില്ല.

(സി) ഇതിനെ സംബന്ധിച്ചു പ്രത്യേകകണക്കൊന്നും സൂക്ഷിക്കപ്പെട്ടിട്ടില്ല.

കുട്ടനാട്ടിലെ തൊഴിൽത്തർക്കവും അറസ്റ്റും

264. [13] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി ദയവായി മറുപടി പറയുമോ:

(എ) കൊയ്ത്തിനു തീർപ്പു കൊടുക്കുന്നതു സംബന്ധിച്ചു് കുട്ടനാട്ടിൽ ഒരു തൊഴിൽത്തർക്കം ഉണ്ടായതിൻറെ ഫലമായി സഖാവു് വർഗ്ഗീസുവൈദ്യൻ ഉൾപ്പെടെ എത്രപേരെ അറസ്റ്റുചെയ്തു ;

(ബി) എന്തു് അവകാശവാദം നിഷേധിച്ചതിനെ തുടർന്നാണു് പണിമുടക്കു നടന്നതു് ;

(സി) എന്തു് കാരണത്തിലാണു് അറസ്റ്റു നടന്നതു്. അറസ്റ്റുചെയ്യപ്പെട്ട എത്രപേരെ മർദ്ദിക്കുകയുണ്ടായി. അതിൽ ആരെയെങ്കിലും ആശുപത്രിയിലേക്കു് അയക്കുകയുണ്ടായോ ?

LIBRARY ARCHIVES Kerala Legislative Assembly